**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 369** | **08-06-2021 - ൽ മറുപടിയ്ക്ക്**

**ബാംബൂ കോർപ്പറേഷൻ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | **Shri. P. Rajeeve**<br>(നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി) | |
| (എ) | ബാംബൂ കോർപ്പറേഷന് കീഴിൽ വരുന്ന ഈറ്റ-പനമ്പ് നെയ്ത്തുതൊഴിലാളികൾക്ക് നിലവിൽ ലഭിക്കുന്ന മിനിമം വേതനം എത്രയെന്ന് വിശദമാക്കാമോ; | (എ) | ബാംബൂ കോർപ്പറേഷന് കീഴിൽ പനമ്പ് നെയ്ത്ത് വരുന്ന ഒരു തൊഴിലാളി ഒരു ദിവസം നെയ്യേണ്ടുന്ന 3 പനമ്പിന് 74.40/- രൂപ പ്രകാരം 223.20/-രൂപയും കൂടാതെ മിനിമം വേതനത്തിന്റെ ഭാഗമായി സർക്കാർ അനുവദിച്ച് വരുന്ന ക്ഷാമബത്ത ഇനത്തിൽ 149/- രൂപയും അടക്കം 373.20/- രൂപ നൽകി വരുന്നുണ്ട്. കോർപ്പറേഷൻ കീഴിൽ ഈറ്റ വെട്ടി വരുന്ന ഒരു തൊഴിലാളി ഒരു ദിവസം വെട്ടേണ്ടുന്ന 5 കെട്ട് ഈറ്റയ്ക്ക് കെട്ടൊന്നിന് 100 രൂപ പ്രകാരം 500 രൂപയും കൂടാതെ മിനിമം വേതനത്തിന്റെ ഭാഗമായി സർക്കാർ അനുവദിച്ച് വരുന്ന ക്ഷാമബത്ത ഇനത്തിൽ 149/- രൂപയും അടക്കം ഒരു തൊഴിലാളിയ്ക്ക് 649/- രൂപ നൽകി വരുന്നുണ്ട്. |
| (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വേതനം പുനർനിർണ്ണയിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | പ്രസ്തുത തൊഴിലാളികൾക്ക് നൽകി വരുന്ന ക്ഷാമബത്ത എത്രയാണ്; പ്രസ്തുത തൊഴിലാളികൾക്ക് ക്ഷാമബത്ത കുടിശ്ശികയുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ; | (സി) | ഈറ്റ-പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് നൽകി വരുന്ന ക്ഷാമബത്ത 149/-രൂപയാണ്. ടി തൊഴിലാളികൾക്ക് ക്ഷാമബത്ത കുടിശ്ശിക ഇനത്തിൽ 60 മാസത്തെ കുടിശ്ശികയായ 13.59 കോടി രൂപ നൽകുവാനുണ്ട്. |
| (ഡി) | പ്രസ്തുത തൊഴിലാളികൾക്ക് ചികിത്സാസഹായം, മരണാനന്തര സഹായം, പ്രോവിഡന്റ് ഫണ്ട് തുടങ്ങിയ ഇനങ്ങളിൽ കുടിശ്ശികയുണ്ടോ; വിശദവിവരങ്ങൾ നൽകാമോ? | (ഡി) | ഈറ്റ-പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് ചികിത്സാ സഹായം, മരണാനന്തര സഹായം എന്നീ ഇനങ്ങളിൽ സഹായങ്ങൾ നൽകി വരുന്നുണ്ട്. ഈ ഇനത്തിൽ നിലവിൽ കുടിശ്ശിക ഇല്ല. നെയ്ത്ത് തൊഴിലാളികൾക്കും കോർപ്പറേഷനിൽ ജോലി ചെയ്ത് വരുന്ന ഡിപ്പോ തൊഴിലാളികൾക്കും അടക്കം പ്രൊവിഡന്റ് ഫണ്ട് കുടിശ്ശികയായി 80,61,163/- രൂപ അടയ്ക്കാനുണ്ട്. മാർച്ച് 2019 വരെ പിരിഞ്ഞ് പോയ തൊഴിലാളികളുടെ പ്രൊവിഡന്റ് ഫണ്ട് കുടിശ്ശിക മുഴുവൻ അടച്ച് തീർത്തിട്ടുള്ളതാകുന്നു. |

സെക്ഷൻ ഓഫീസർ